ആർ./ഡബ്ല്യു. 149 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ 1. റഹീക്ക്, 2. ഷബീർ, 3. ഷാനവാസ്, 4. നിയാസ്, 5. അഷറഫ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളെല്ലാം മുസ്ലീംലീഗ് പ്രവർത്തകരാണ്.

ഇൻഡ്യാവിഷൻ റ്റി. വി. ചാനലിന്റെ കോഴിക്കോട് ബ്യൂറോ ഓഫീസ് ആക്രമിച്ചതു സംബന്ധിച്ച് ടൗൺ പി. എസ്. ക്രൈം 342/2004 യു./എസ്. 143, 147, 148, 447, 457, 323, 427 ആർ/ഡബ്ല്യു. 149 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ 1. എ. റ്റി. സക്കറിയ, 2. പി. റ്റി. റഹീക്ക്, 3. റാഫി പുതിയകടവ്, 4. എം. പി. ഷാജഹാൻ, 5. പീറോസ്, 6. റാഷിം, 7. ജർഷാദ്, 8. എൻ. പി. അൻവർ, 9. എം. വി. നിഷാദ്, 10. സിറാജുദ്ദീൻ, 11. കെ. എം. നസീർ, 12. എൻ. പി. സിറാജ്, 13. റ്റി. കെ. റാഫി, 14. എൻ. പി. ഹനീഫ. പ്രതികളെല്ലാം ലീഗ്/യൂത്ത് ലീഗ് പ്രവർത്തകരാണ്.

(സി) മാധ്യമ പ്രവർത്തകർക്കെതിരെ സാമൂഹ്യവിരുദ്ധരുടെ ആക്രമണം തടയുന്നതിന് കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും മാധ്യമ പ്രവർത്തകർക്ക് ആവശ്യമായ സംരക്ഷണം പോലീസ് നൽകുകയും ചെയ്തു വരുന്നുണ്ട്. മാധ്യമപ്രവർത്തകർക്കെതിരെ യാതൊരുവിധ കടന്നാക്രമണവും പോലീസ് നടത്തുന്നില്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. പി. സി. സി. നേതൃയോഗത്തിൽ നടന്ന ആക്രമണ കേസിലെ പ്രതികൾ

109 [64] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം കോൺഫറൻസ് ഹാളിൽ നടന്ന കെ. പി. സി. സി. നേതൃയോഗത്തിൽ അക്രമം നടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് എത്ര പേരുടെ പേരിലാണ് കേസുകൾ എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) അറസ്റ്റ് ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ കേസിലെ 1-ാം പ്രതിയും പിടികിട്ടാപ്പുള്ളിയുമായ വണ്ടന്നൂർ സന്തോഷ് മുഖ്യമന്ത്രിയുടെ ഔദ്യോഗിക പദവിൽ പങ്കെടുത്തിട്ടും അറസ്റ്റു ചെയ്യാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 190/2004 യു./എസ്. 143, 147, 148, 149, 341, 323, 427, 307 ആന്റ് 120 (ബി) ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്. ഐ. ആറിൽ പേര് പറഞ്ഞിട്ടുള്ള ഒന്ന് മുതൽ 13 വരെ പ്രതികളുടെ പേരിലും മറ്റ് കണ്ടാലറിയാവുന്ന നൂറ്റി അൻപതോളം പേരെയുമാണ് ടി കേസിൽ പ്രതികളായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും.

(ഇ) ടി കേസിലെ 8-ാം പ്രതി ശ്രീ. വണ്ടന്നൂർ സന്തോഷ് എന്നു വിളിക്കുന്ന സന്തോഷ്കുമാർ മുഖ്യമന്ത്രി ഉദ്ഘാടകനായ ഒരു ചടങ്ങിൽ മുൻനിരയിൽ സ്ഥാനം പിടിച്ചിരുന്നതായും എന്നാൽ ടിയാന്റെ അപ്പോഴത്തെ, അവിടത്തെ സാന്നിദ്ധ്യത്തെപ്പറ്റി യാതൊരു തരത്തിലുള്ള അറിവും തൽസമയം ലഭിച്ചിട്ടില്ലാത്തതും ടിയാൻ മുഖ്യമന്ത്രിയോടൊപ്പം ഉദ്ഘാടന ചടങ്ങിന് ഉണ്ടായിരുന്നു എന്നും മറ്റും വാർത്താമാധ്യമങ്ങളിലൂടെ പിന്നീടാണ് അറിയാൻ ഇടയായിട്ടുള്ളത്. ആയതു കാരണം ടിയാനെ തൽസമയം അറസ്റ്റ് ചെയ്യുന്നതിന് സാധിച്ചിട്ടില്ലാത്തതുമാണ്.

എന്നാൽ ടി കേസിലെ 8-ാം പ്രതി വണ്ടന്നൂർ സന്തോഷ് എന്നുവിളിക്കുന്ന സന്തോഷ് കുമാറിനെ 20-12-2004-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടി പ്രതിയെ കോടതിയിൽനിന്ന് ജാമ്യം അനുവദിച്ച് വിട്ടയച്ചിട്ടുള്ളതുമാകുന്നു.

ഗുണ്ടാ-മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ നിയമം

110 [66] *ശ്രീ. പി. ജയരാജൻ:*
,, സാജു പോൾ:
,, കെ. പി. സതീഷ് ചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ-മാഫിയ സംഘങ്ങളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly